(ഡി) ചെലവഴിച്ച തുക താഴെ കൊടുക്കുന്നു:

മേഖല	പദ്ധതിച്ചെലവ് (രൂപ ലക്ഷത്തിൽ)
1. കൃഷിയും അനുബന്ധ സർവ്വീസുകളും	18882.05
2. ഗ്രാമവികസനം	15592.61
3. സഹകരണം	1142.18
4. ജലസേചനം	17122.77
5. വൈദ്യുതി	45373.03
6. വ്യവസായം	20366.35
7. ഗതാഗതം	37872.11
8. ശാസ്ത്രം, ഗവേഷണം	3383.76
9. സാമൂഹ്യ സേവനം	64680.63
10. സാമ്പത്തിക സർവ്വീസുകൾ	3129.07
11. പൊതു സർവ്വീസുകൾ	3067.22
12. തദ്ദേശ ഭരണ സ്ഥാപനങ്ങൾക്കുള്ള വിഹിതം	116421.51
13. ഒറ്റ തവണയായുള്ള അധിക കേന്ദ്രസഹായം	1500.00
ആകെ	348533.29

(ഇ) നിർദ്ദേശം വച്ചിട്ടുണ്ട്.

കേരളത്തിന്റെ സാമ്പത്തികസ്ഥിതിയെക്കുറിച്ച്

28 [965] *ശ്രീ. ഷിബു ബേബി ജോൺ:*

,, *ടി. എം. ജേക്കബ്:*

,, *ആർ. ബാലകൃഷ്ണപിള്ള:*

,, *ജോണി നെല്ലൂർ:*

,, *കെ. ബി. ഗണേഷ് കുമാർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) 2001-ൽ അധികാരത്തിൽ വന്ന സർക്കാർ, കേരളത്തിന്റെ സാമ്പത്തിക സ്ഥിതിയെ സംബന്ധിച്ച് ഒരു ധവളപത്രം പുറപ്പെടുവിച്ചിരുന്നുവോ;

(ബി) പ്രസ്തുത ധവളപത്രത്തിൽ കേരളത്തിന്റെ സാമ്പത്തികസ്ഥിതിയെ സംബന്ധിച്ച് എന്തെല്ലാം പ്രധാനപ്പെട്ട വെളിപ്പെടുത്തലുകളാണ് ഉണ്ടായിരുന്നത്;

(സി) കേരളത്തിന്റെ ഇപ്പോഴത്തെ സാമ്പത്തികസ്ഥിതി എന്താണ്;

(ഡി) കഴിഞ്ഞ അഞ്ച് വർഷക്കാലത്തിനിടയിൽ പൊതുകടം എത്രകണ്ട് വർദ്ധിച്ചിട്ടുണ്ട്?

ഉത്തരം

(എ) പുറപ്പെടുവിച്ചിരുന്നു.

(ബി) ധവളപത്രം സഭയിൽ വിതരണം ചെയ്തിട്ടുള്ളതും പ്രസിദ്ധീകരിച്ചതും ആണ്.

(സി) മുമ്പത്തേതിലും മെച്ചപ്പെട്ടിട്ടുണ്ട്.

(ഡി) അക്കൗണ്ടന്റ് ജനറലിന്റെ കണക്കുപ്രകാരം 31-3-2001-ൽ പൊതുകടം 23,919 കോടി രൂപയായിരുന്നു. അക്കൗണ്ടന്റ് ജനറൽ നൽകിയ താൽക്കാലിക കണക്കു പ്രകാരം 31-5-2005-ൽ പൊതുകടം 43,154.99 കോടി രൂപയാണ്.

വിവിധ വകുപ്പുകളിൽ നടക്കുന്ന ക്രമക്കേടുകൾ കണ്ടുപിടിച്ച് റിപ്പോർട്ട് ചെയ്യാൻ സംവിധാനം

29 [966] *ശ്രീ. കോടിയേരി ബാലകൃഷ്ണൻ:*
" *തോമസ് ചാക്കോ:*
" *മഞ്ഞളാംകുഴി അലി:*
" *പി. സി. ജോർജ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ധനകാര്യ ഇൻസ്പെക്ഷൻ വിംഗ് കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ നടത്തിയ മിന്നൽ പരിശോധനയിൽ ധനകാര്യസംബന്ധമായ ക്രമക്കേടുകൾ കണ്ടുപിടിച്ച് എത്ര റിപ്പോർട്ടുകൾ സമർപ്പിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) ഓരോ റിപ്പോർട്ടിന്റെയും വിശദാംശം വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് പറയാമോ;

LIBRARY ARCHIVES Kerala Legislative Assembly